ഗുരുമാർഗം



സത്യം കാണുന്നയാൾക്ക് പ്രപഞ്ചം ആത്മാവിൽ ആകാശത്തിലെ കാട് പോലെ പ്രകാശിക്കുന്നു. അസത്യമായ പാവ കെട്ടിക്കു സത്യമെന്ന പോലെയും തോന്നുന്നു.



ഒരു ജാതി ഒരു മതം ഒരു ദൈവം
ഉത്രട്ടാതി 59- 55
ചതുർത്ഥി 43- 38
1939 ശ്രാവണം 20
1438 ദുൽ ക അദ് 17
1192 കർക്കടകം 26

# പുതിയ പദ്ധതികളുമായി കുടുംബശ്രീ



എസ്. ഹരികിഷോർ ഐ.എ.എസ്

സ്ത്രീകളെ ശാക്തീകരിക്കുന്നതിലൂടെ കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഒരു പുതിയ ദിശാബോധം നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളിലൂടെ വിവിധ തൊഴിൽ മേഖലകളിലും ഉത്പാദന മേഖലകളിലും വലിയ മുന്നേറ്റമാണ് കുടുംബശ്രീ കൈവരിച്ചുകൊണ്ടിരിക്കുന്നത്. കുടുംബശ്രീയുടെ അയൽക്കൂട്ടാംഗങ്ങളുടെ എണ്ണം 43 ലക്ഷത്തോളം വരുമെങ്കിലും പുതിയ അയൽക്കൂട്ട രൂപീകരണവും ഈ വർഷം ലക്ഷ്യമിടുന്നു. അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാംസ്കാരിക പുരോഗതിയും വൈജ്ഞാനിക വ്യക്തിത്വ വികസനവും ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ തുടങ്ങുക എന്നതാണ് കുടുംബശ്രീയുടെ പ്രധാന ദൗത്യങ്ങളിലൊന്ന്. ഈ സാമ്പത്തിക വർഷം കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ 161 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾക്ക് 25 കോടി രൂപയും സൂക്ഷ്മ സംരംഭങ്ങൾക്കായി 10 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിലൂടെ ലഭിക്കുന്ന 90 കോടി രൂപ കൂടി ചേരുമ്പോൾ 300 കോടിയോളം രൂപ കുടുംബശ്രീക്ക് അടിസ്ഥാന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നുണ്ട്. സാമ്പത്തിക ശാക്തീകരണത്തിലൂടെ സ്ത്രീ ശാക്തീകരണം എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കുടുംബശ്രീ വനിതകൾക്ക് ഏറ്റവുമധികം വരുമാനം ലഭിക്കുന്ന സൂക്ഷ്മസംരംഭമേഖലയെ ശക്തിപ്പെടുത്തുന്നതിനായി 'ജീവനം-2017' കാമ്പെയിനിന്റെ ഭാഗമായി 3000 പുതിയ സംരംഭങ്ങൾ തുടങ്ങും. ആവശ്യമായ പരിശീലനങ്ങളും ധനസഹായവും നൽകും. ഇതിലൂടെ സ്ത്രീകൾക്ക് തൊഴിലിടങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കുക എന്ന സ്വപ്നമാണ് സാക്ഷാത്കരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ഷീ ലോഡ്ജ് എന്ന പദ്ധതി നടപ്പാക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി നഗരങ്ങളിലെത്തുന്ന സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും മിതമായ വാടകയിൽ സുരക്ഷിതമായ താമസവും ഭക്ഷണവും ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നവംബർ ഒന്നിന് എല്ലാ നഗരങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കും. സാമൂഹ്യവികസന രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ കുടുംബശ്രീ പരിശ്രമിക്കുന്നു. 'അഗതിരഹിത കേരളം' ലക്ഷ്യമിട്ടു നടപ്പാക്കുന്ന ആശ്രയ പദ്ധതി അതിൽ പ്രധാനമാണ്. ഇതിന്റെ ഭാഗമായി പദ്ധതിയിൽ ഇനിയും ഉൾപ്പെടാത്തവരെ കണ്ടെത്താനായി ഉടൻ തന്നെ സർവേ നടത്തും. മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പുതുതായി 200 ബഡ്സ് സ്കൂളുകൾ കൂടി ആരംഭിക്കുന്നതും സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമാണ്.

നിലവിലുള്ളതിൽ നിന്നു വ്യത്യസ്തമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി കുടുംബശ്രീയുടെ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങും. സാധാരണക്കാർക്ക് ഇതുവഴി 442 ഇനം ജെനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാകും. ആദ്യഘട്ടത്തിൽ നൂറെണ്ണം തുടങ്ങാനാണ് പദ്ധതി. സംസ്ഥാനത്ത് മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കണ്ണൂരിലെ മട്ടന്നൂർ എന്നീ നഗരസഭകളിലും തിക്കോടി, പരവൂർ, എടവൂർ, കതിരൂർ, കുന്നുകര, തൃക്കൊടിത്താനം, ഷൊർണ്ണൂർ, ഉഴമലയ്ക്കൽ, ഏലൂർ, ഒറ്റപ്പാലം, തളിക്കുളം, രായമംഗലം, എടവക എന്നിവിടങ്ങളിലുമാണ് ജെൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുക. കയർമേഖലയിൽ പുതിയ തൊഴിലവസരം കണ്ടെത്തുന്നതിനായി ആരംഭിക്കുന്ന ചകിരിനാരുൽപാദിപ്പിക്കുന്ന ഡീഫൈബറിങ് യൂണിറ്റുകൾ അയൽക്കൂട്ട വനിതകൾക്കായി കുടുംബശ്രീ ആവിഷ്കരിക്കുന്ന പുതിയ പദ്ധതിയാണ്. കുടുംബശ്രീ ഉൽപന്നങ്ങളുടെ ഫലപ്രദമായ വിപണനം ലക്ഷ്യമിട്ട് എല്ലാ ജില്ലകളിലും സൂപ്പർമാർക്കറ്റുകളും പഞ്ചായത്തുതലത്തിൽ കുടുംബശ്രീ ബസാറുകളും ഉടൻ ആരംഭിക്കും. കുടുംബശ്രീ മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പുതിയ വിപണനസാധ്യതകൾ കണ്ടെത്താനും എല്ലാ ജില്ലകളിലും കൺസോർഷ്യങ്ങളും പ്രൊഡ്യൂസർ കമ്പനികളും രൂപീകരിക്കും. ഒരോ പ്രദേശത്തെയും വിഭവ ലഭ്യതയനുസരിച്ചും പ്രാദേശിക സ്വീകാര്യതയുള്ളതുമായ ഉത്പന്നങ്ങൾ നിർമിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രിണർഷിപ് പ്രോഗ്രാം. പത്തനംതിട്ട, എറണാകുളം ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിലാണ് ഈ പദ്ധതി ആരംഭിച്ചത്. 12 ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

> 'ജീവനം -2017' കാമ്പെയിനിന്റെ ഭാഗമായി 3000 പുതിയ സംരംഭങ്ങൾ തുടങ്ങും. ആവശ്യമായ പരിശീലനങ്ങളും ധനസഹായവും നൽകും. ഇതിലൂടെ സ്ത്രീകൾക്ക് തൊഴിലിടങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കുക എന്ന സ്വപ്നമാണ് സാക്ഷാത്കരിക്കുന്നത്.

ഭക്ഷ്യസുരക്ഷയും ഭക്ഷ്യസ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് ഉടൻ നടപ്പാക്കുന്ന ഭക്ഷ്യസുരക്ഷാ ഭവനം പദ്ധതി കാർഷിക മേഖലയിലെ വേറിട്ട സംരംഭമാണ് ജീവ. ഇതുപ്രകാരം എല്ലാ കുടുംബശ്രീ ഭവനങ്ങളിലും അഞ്ചിനം പച്ചക്കറി വിത്തുകൾ നൽകും. ആദ്യഘട്ടത്തിൽ ഒരു ലക്ഷം കുടുംബങ്ങളാണ് ഇതിൽ പങ്കാളികളാകുന്നത്. നിലവിൽ 55000 ഹെക്ടർ സ്ഥലത്ത് കുടുംബശ്രീ കൃഷി ചെയ്യുന്നുണ്ട്. ഇത് 80000 ഹെക്ടറിലേക്കു വ്യാപിപ്പിക്കും. സംസ്ഥാനത്തിന്റെ ഉപഭോഗത്തിന് ആവശ്യമായ കോഴിയിറച്ചി ഉത്പാദിപ്പിച്ചു നൽകുന്നതിനായി കെപ്കോ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുമായി ചേർന്ന് 'കേരള ചിക്കൻ' എന്ന പദ്ധതിയും ഉടൻ നടപ്പാക്കും. ഇതിനായി കുടുംബശ്രീ ശൃംഖലയിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്തി അയ്യായിരം യൂണിറ്റുകളാണ് ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ ആയിരം യൂണിറ്റുകളാണ് തുടങ്ങുക. ഇതിലൂടെ ആയിരം വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാനാകും. ഗ്രാമീണമേഖലയിലെ നിർദ്ധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) യിൽ കമ്യൂണിറ്റി ട്രാക്കിങ്ങ് സിസ്റ്റം ഉടൻ തന്നെ നടപ്പാക്കും. പദ്ധതി വഴി പരിശീലനം ലഭിച്ച മുഴുവൻ പേരുടെയും സ്ഥിതിവിവരക്കണക്ക് എല്ലാ മാസവും വ്യക്തമായി രേഖപ്പെടുത്തുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ഒരോ പഞ്ചായത്തിലും നൈപുണ്യ രജിസ്റ്റർ നൽകും. പുതിയ ആളുകൾക്ക് ഇതിൽ രജിസ്റ്റർ ചെയ്യാനാകും. മൊത്തം പരിശീലന പരിപാടിയുടെ അവസ്ഥയറിയാൻ ഇതു വഴി സാധ്യമാകും. പൂർണമായും തൊഴിൽലഭ്യത കൈവരിച്ച യുവജനങ്ങൾ പഞ്ചായത്തുകളുടെ വികസനത്തിലും സ്വയംപര്യാപ്തമാകുന്നതിലും വലിയ പങ്കു വഹിക്കുന്നു. ഇപ്രകാരം സുസ്ഥിര പഞ്ചായത്തുകൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനു ഡി.ഡി.യു.ജി.കെ.വൈ പദ്ധതി സഹായകരമാകുന്നുണ്ട്. നഗരമേഖലയിലും വളരെ മികവുറ്റ പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തി വരുന്നത്. ദേശീയ നഗര ഉപജീവന ദൗത്യം(എൻ.യു.എൽ.എം) പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസിയും കുടുംബശ്രീയാണ്. പി.എം.എ.വൈ പദ്ധതി പ്രകാരം ഈ വർഷം നഗരപ്രദേശത്തെ ഭവനരഹിതർക്ക് 70000 വീടുകൾ കൂടി നിർമിച്ചു നൽകും. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്ഥലമുള്ളവർക്ക് ലൈഫ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഭവനസമുച്ചയങ്ങൾ നിർമിച്ചു നൽകും. തെരുവോര കച്ചവട സംരക്ഷണ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി തെരുവോരക്കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് തൊഴിൽപരിശീലനവും സർട്ടിഫിക്കേഷനും നൽകും.

അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുന്ന കുടുംബശ്രീ സംവിധാനം സ്നേഹിത-ജെൻഡർ ഹെൽപ് ഡെസ്ക് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. നിലവിൽ ആറു ജില്ലകളിൽ നടപ്പാക്കുന്നു. കൂടാതെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന അരക്ഷിതാവസ്ഥയുടെ പഠനം 140 പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കും. സ്ത്രീകളുടെ കഴിവു വർധിപ്പിച്ച് സമൂഹത്തിൽ തന്റേതായ ഇടം സൃഷ്ടിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്കുതലത്തിൽ അഞ്ചു വീതം മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകളും ആരംഭിക്കുന്നുണ്ട്. അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക വിനിമയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയാണ് മറ്റൊന്ന്. രണ്ടര ലക്ഷം അയൽക്കൂട്ടങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കുടുംബശ്രീ സംസ്ഥാന മിഷന്റെ തീരുമാനങ്ങൾ താഴേതട്ടിലേക്കെത്തിക്കാൻ വേണ്ടി മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള സങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതിയും ഇതോടൊപ്പം നടപ്പാക്കാനാണ് തീരുമാനം. നിലവിൽ പതിമൂന്നു സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക നടപ്പാക്കി വരുന്നു. സ്ത്രീ ശാക്തീകരണ ദാരിദ്ര്യ നിർമാർജന മേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള ഊർജിത ശ്രമങ്ങളുമായി മുന്നോട്ടു പോവുകയാണ് കുടുംബശ്രീ ഇപ്പോൾ.

*(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ)*